ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 06.09.2025** | **പ്രധാന വാർത്തകൾ** | **TIME: 12.50 PM**

1) ഇന്ത്യയും യു.എസും തമ്മിലുള്ള ആഗോള നയതന്ത്ര പങ്കാളിത്തം സുശക്തമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **India-US global diplomatic partnership is strong, says Prime Minister Narendra Modi.**

2) റഷ്യ ഉൾപ്പെടെ രാജ്യത്തിന് അനുയോജ്യമായിടത്ത് നിന്നും എണ്ണ വാങ്ങുന്നത് തുടരുമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ; തീരുമാനം ദേശീയ താത്പര്യം മുൻനിർത്തിയെന്ന് ധനമന്ത്രി.

   **India will continue to purchase oil from sources suitable to the nation, including Russia, says Union Finance Minister Nirmala Sitharaman; the decision is based on national interest, she added.**

3) 2047 ഓടെ 80 ലക്ഷം കോടി രൂപയുടെ നിക്ഷേപം നടത്തി സമുദ്ര മേഖലയിൽ വിപ്ലവം സൃഷ്ടിക്കാൻ സർക്കാർ ലക്ഷ്യമിടുന്നതായി കേന്ദ്ര തുറമുഖ മന്ത്രി സർബാനന്ദ സോനോവാൾ.

   **The government aims to revolutionize the maritime sector with an investment of ₹80 lakh crore by 2047, says Union Ports Minister Sarbananda Sonowal.**

4) അവിട്ടം നാളായ ഇന്ന് മലയാളികൾ മൂന്നാം ഓണം ആഘോഷിക്കുന്നു.

   **Today, on the day of Avittam, Malayalis celebrate the third day of Onam.**

5) യു എസ് ഓപ്പൺ വനിതാ സിംഗിൾസ് ഫൈനലിൽ ആര്യാന സബലങ്കയും അമാന്റ അനിസിമോവയും ഏറ്റുമുട്ടും; ഏഷ്യ കപ്പ് പുരുഷ ഹോക്കി ചാമ്പ്യൻഷിപ്പിൽ, ഇന്ന് ഇന്ത്യ- ചൈന സൂപ്പർ ഫോർ പോരാട്ടം.

**In the US Open women's singles final, Aryna Sabalenka and Amanda Anisimova will face each other; in the Asia Cup Men's Hockey Championship, India will take on China in a Super 4 clash today.**

==========================================

## PM TRUMP STATEMENTS

ഇന്ത്യയും യുഎസും തമ്മിലുള്ള ആഗോള നയതന്ത്ര പങ്കാളിത്തം സുശക്തമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യ-യു.എസ് ബന്ധത്തെക്കുറിച്ചുള്ള പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ പ്രസ്താവനയെ അഭിനന്ദിക്കുന്നുവെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. നരേന്ദ്രമോദി മികച്ച നേതാവാണെന്ന് ചൂണ്ടിക്കാട്ടിയ ട്രംപ്, ഇന്ത്യയ്ക്കും യു.എസിനും ഇടയിൽ ഒരു സവിശേഷ ബന്ധമുണ്ടെന്ന് കഴിഞ്ഞദിവസം വാഷിംഗ്ടണിൽ പ്രസ്താവന നടത്തിയിരുന്നു. ഇരു രാജ്യങ്ങളും തമ്മിലുള്ള പരസ്പര ബന്ധത്തിൽ ആശങ്ക വേണ്ടെന്നും ട്രംപ് ചൂണ്ടിക്കാട്ടി.

============================

## FM-NIRMALA SITARAMAN-RUSSIA (INTRO)

റഷ്യ ഉൾപ്പെടെ രാജ്യത്തിന് അനുയോജ്യമായിടത്ത് നിന്നും എണ്ണ വാങ്ങുന്നത് തുടരുമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. ദേശീയ താൽപ്പര്യം മാത്രം കണക്കിലെടുത്തായിരിക്കും തീരുമാനങ്ങൾ കൈക്കൊള്ളുന്നതെന്നും ധനമന്ത്രി പറഞ്ഞു. നിരക്കുകളുടെയും ചരക്കു ഗതാഗതത്തിന്റെയും കാര്യത്തിൽ നമ്മുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായത് അടിസ്ഥാനമാക്കി

തീരുമാനമെടുക്കുമെന്നും അവർ വ്യക്തമാക്കി. ഇന്ത്യയുടെ ഇറക്കുമതി ബില്ലിൽ ക്രൂഡ് ഓയിലിന്റെ സംഭാവന ഉയർന്നതാണെന്ന് ഒരു മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ അവർ പറഞ്ഞു.

(ഹോൾഡ്)

==============================

## FM-GST

യു.എസ് ചുമത്തിയ ഉയർന്ന തീരുവ മൂലം പ്രതിസന്ധിയിലായ കയറ്റുമതി സ്ഥാപനങ്ങളെ സംരക്ഷിക്കാൻ പ്രത്യേക സമാശ്വാസ പാക്കേജ് കൊണ്ടുവരുമെന്ന് ധനമന്ത്രി നിർമല സീതാരാമൻ. ഓഗസ്റ്റ് 27 മുതൽ യുഎസ് ഏർപ്പെടുത്തിയ 50% താരിഫുകൾ ബാധിച്ച വ്യവസായങ്ങൾക്കു വേണ്ടിയാണ് പാക്കേജ് എന്നും ധനമന്ത്രി വ്യക്തമാക്കി. പുതിയ ജിഎസ്ടി പരിഷ്ക്കാരങ്ങൾ ഉപഭോഗം മെച്ചപ്പെടുത്തുമെന്നും മൂലധന ചെലവിനെ ബാധിക്കില്ലെന്നും ശ്രീമതി നിർമ്മല സീതാരാമൻ അറിയിച്ചു.

==============================

## GST -COMMENTS

ജിഎസ്ടി പരിഷ്ക്കാരങ്ങളെ ധീരവും സമഗ്രവുമെന്ന് വിശേഷിപ്പിച്ച് പരോക്ഷ നികുതി ബോർഡ് ചെയർപേഴ്സൺ സഞ്ജയ് കുമാർ അഗർവാൾ. അവശ്യവസ്തുക്കളുടെ ജി.എസ്.ടി നിരക്ക് 5 ശതമാനം നിരക്കിൽ നിലനിർത്തിയിട്ടുണ്ടെന്നും സാധാരണക്കാരുടെ താൽപ്പര്യമാണ് സർക്കാരിന്റെ പ്രഥമ പരിഗണനയെന്ന് അദ്ദേഹം വ്യക്തമാക്കി.

==============================

## GST REFORMS (INTRO)

പുതിയ ജി എസ് ടി പരിഷ്ക്കാരത്തിൽ, ജനങ്ങളുടെ സാമ്പത്തിക ഭാരം ലഘൂകരിക്കുന്നതിനുള്ള ഇടപെടലുകളാണ് കേന്ദ്ര സർക്കാർ നടത്തിയിട്ടുള്ളത്. നിത്യോപയോഗ സാധനങ്ങളുടെ നികുതി കുറയുന്നതിന് പുറമേ ഉപഭോക്താക്കൾക്ക് പ്രാപ്യമാകുന്ന രീതിയിൽ ഓട്ടോമൊബൈൽ മേഖലയുടെ നികുതിയും പരിഷ്ക്കരിച്ചിട്ടുണ്ട്.

**വിശദാംശങ്ങളിലേക്ക്..................**

(വോയിസ്)

## GST REFORMS (VOICE)

പുതിയ ജി എസ് ടി നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതോടെ ചെറുകാറുകൾക്കും എൻട്രി ലെവൽ മോട്ടോർസൈക്കിളുകൾക്കും ഗണ്യമായി വിലകുറയും. ചെറുകാറുകളുടെയും 350 സിസിയിൽ താഴെയുള്ള ഇരുചക്രവാഹനങ്ങളുടെയും ജിഎസ്ടി 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറയും. വാണിജ്യ വാഹനങ്ങളായ ബസുകൾ, ട്രക്കുകൾ, ത്രീ വീലറുകൾ, വാഹന പാർട്സുകൾ തുടങ്ങിയവയ്ക്ക് ജി എസ് ടി 18 ശതമാനമായി കുറയും. ഇലക്ട്രിക് വാഹനങ്ങളുടെ നിരക്ക് ഏറ്റവും കുറഞ്ഞ സ്ലാബായ 5 ശതമാനത്തിൽ നിലനിർത്തും, അതേസമയം ആഡംബര വാഹനങ്ങളുടെ ജി എസ് ടി നിരക്ക് 40 ശതമാനമായിരിക്കും. ഓട്ടോമോട്ടീവ് നിർമ്മാണ- കയറ്റുമതി രംഗത്തിന്റെ വളർച്ചയെ പിന്തുണയ്ക്കുന്നതാണ് പുതിയ ജി എസ് ടി പരിഷ്ക്കാരങ്ങൾ. ഇവ ഈ മാസം 22 മുതലാണ് പ്രാബല്യത്തിൽ വരുന്നത്.

ന്യൂസ് ഡെസ്ക് ആകാശവാണി.....

==============================

## SONOWAL –TUTICORIN

തുറമുഖശേഷി, ഷിപ്പിംഗ്, കപ്പൽ നിർമ്മാണം, ഉൾനാടൻ ജലഗതാഗതം എന്നീ മേഖലകളിൽ 2047 ഓടെ 80 ലക്ഷം കോടി രൂപയുടെ നിക്ഷേപം നടത്തി സമുദ്ര മേഖലയിൽ വിപ്ലവം സൃഷ്ടിക്കാൻ സർക്കാർ ലക്ഷ്യമിടുന്നതായി കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രി സർബാനന്ദ സോനോവാൾ. സാഗർമാല പദ്ധതി പുതിയ മത്സ്യബന്ധന തുറമുഖങ്ങളിലൂടെ തീരദേശ സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നുന്നതായി ശ്രീ.സോനോവാൾ തമിഴ്നാട്ടിലെ തൂത്തുക്കുടിയിൽ പറഞ്ഞു. തൂത്തുക്കുടിയിലെ വി.ഒ. ചിദംബരനാർ തുറമുഖത്ത് ഹരിത ഹൈഡ്രജൻ പ്ലാന്റും വിവിധ വികസന പദ്ധതികളും മന്ത്രി ഉദ്ഘാടനം ചെയ്തു.

==============================

## FOREX RESERVES

ഓഗസ്റ്റ് 29 ന് അവസാനിച്ച ആഴ്ചയിൽ ഇന്ത്യയുടെ വിദേശനാണ്യ കരുതൽ ശേഖരം 3.51 ബില്യൺ ഡോളർ വർദ്ധിച്ച് 694.2 ബില്യൺ ഡോളറിലെത്തി. വിദേശ കറൻസി ആസ്തി 1.69 ബില്യൺ ഡോളർ വർദ്ധിച്ച് 583.9 ബില്യൺ ഡോളറിലധികമായി. സ്വർണ്ണ കരുതൽ ശേഖരം 86.76 ബില്യൺ ഡോളറിലെത്തി. അടിയന്തരാവശ്യത്തിനുള്ള പണ ലഭ്യത 40 മില്യൺ ഡോളർ ഉയർന്ന് 18.77 ബില്യൺ ഡോളറായിട്ടുണ്ട്. അന്താരാഷ്ട്ര നാണയ നിധിയിലെ കരുതൽ ശേഖരം 4.74 ബില്യൺ ഡോളറായി.

==============================

## ONAM

അവിട്ടം നാളായ ഇന്ന് മലയാളികൾ മൂന്നാം ഓണം ആഘോഷിക്കുന്നു. ആഘോഷ ആരവങ്ങൾക്കിടയിലും വ്യത്യസ്തമായ നിലനിൽക്കുന്ന ആചാരങ്ങളിൽ കൂടി ഊന്നൽ നൽകിയാണ് മലയാളികൾ ഓണം കൊണ്ടാടുന്നത്. ബന്ധുവീടുകളിലെ സന്ദർശനവും സൗഹൃദക്കൂട്ടായ്മകളുമാണ് മൂന്നാം ഓണത്തിന്റെ സവിശേഷത.

==============================

## PULIKKALI (INTRO)

നാലാം ഓണ നാളിൽ തൃശ്ശൂരിന്റെ വീഥികളിലൂടെ പുലികൾ ഇറങ്ങും. പുലിക്കളി സമാപിക്കുന്നതോടെയാണ് തൃശ്ശൂർ ജില്ലയിലെ ഓണാഘോഷങ്ങൾക്ക് പരിസമാപ്തിയാവുക.

വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി **ഭരിത പ്രതാപ്....**

(വോയിസ്)

==============================

## SRI NARAYANA GURU JAYANTHI

ശ്രീനാരായണഗുരുവിന്റെ 171–ാമത് ജയന്തി ആഘോഷങ്ങൾ നാളെ നടക്കും. വർക്കല ശിവഗിരിയിൽ രാവിലെ പത്തിന് ജയന്തിസമ്മേളനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം ചെമ്പഴന്തി ഗുരുകുലത്തിൽ ജയന്തിസമ്മേളനം വൈകിട്ട് 6.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

==============================

## US OPEN TENNIS

യുഎസ് ഓപ്പൺ ബാഡ്മിന്റൺ വനിതാ സിംഗിൾസ് ഫൈനലിൽ ബെലറൂസ് താരം ആര്യാന സബലങ്കയും യുഎസിന്റെ അമാന്റ അനിസിമോവയും തമ്മിൽ ഏറ്റുമുട്ടും. ഇന്ന് അർധരാത്രിയാണ് മത്സരം. പുരുഷ സിംഗിൾസിൽ സ്പെയിനിന്റെ കാർലോസ് അൽക്കാരസ് ഫൈനലിലെത്തി. സെമിയിൽ സെർബിയയുടെ നൊവാക് ജോക്കോവിച്ചിനെ പരാജയപ്പെടുത്തിയാണ് അൽക്കരാസിന്റെ ഫൈനൽ പ്രവേശം. ഫൈനലിൽ, ഇറ്റാലിയുടെ ജാനിക് സിന്നറാണ് അൽക്കാരസിന്റെ എതിരാളി.

==============================

## ASIA CUP HOCKEY

ബിഹാറിൽ നടക്കുന്ന ഏഷ്യ കപ്പ് പുരുഷ ഹോക്കി ചാമ്പ്യൻഷിപ്പിൽ, ഇന്ന് നടക്കുന്ന സൂപ്പർ ഫോർ മത്സരത്തിൽ ഇന്ത്യ ചൈനയെ നേരിടും. വൈകുന്നേരം 7:30 ന് രാജ്ഗീർ അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് മത്സരം. മറ്റൊരു സൂപ്പർ ഫോർ മത്സരത്തിൽ, ദക്ഷിണ കൊറിയ ഇന്ന് മലേഷ്യയെ നേരിടും.

==============================

## PUNJAB FLOOD

പഞ്ചാബിൽ കനത്ത മഴയെത്തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിന് നേരിയ ശമനം. കഴിഞ്ഞ 24 മണിക്കൂറിനിടെ ദുരിതബാധിതരുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടില്ല. നദികളിലെ ജലനിരപ്പും താഴ്ന്നിട്ടുണ്ട്. അതേസമയം മഴ കുറഞ്ഞെങ്കിലും വിവിധയിടങ്ങളിലെ കൃഷിയിടങ്ങൾ ഇപ്പോഴും

വെള്ളത്തിനടിയിലാണ്. 22 ജില്ലകളിലായി 1,948 ഗ്രാമങ്ങളെയാണ് വെള്ളപ്പൊക്കം ബാധിച്ചിട്ടുള്ളത്. മഴക്കെടുതികളെത്തുടർന്ന് ഗുർദാസ്പൂർ, തുടർന്ന് ഫിറോസ്പൂർ, ഫാസിൽക്ക, അമൃത്സർ തുടങ്ങിയ ജില്ലകളിൽ നിന്നായി 22,000 ത്തോളം പേരെ മാറ്റിപ്പാർപ്പിച്ചു.

==============================

## PM VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി വെള്ളപ്പൊക്ക ബാധിത സംസ്ഥാനങ്ങൾ സന്ദർശിക്കും. തുടർച്ചയായ മഴ ജമ്മു കശ്മീർ, പഞ്ചാബ്, ഹിമാചൽ പ്രദേശ് ഉൾപ്പെടെ ഉത്തരേന്ത്യയിലെ നിരവധി പ്രദേശങ്ങളിൽ നാശം വിതച്ചിരുന്നു. മഴയും മണ്ണിടിച്ചിലും മൂലമുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനായി മന്ത്രിതല കേന്ദ്ര സംഘം ഇന്നലെ ജമ്മു കശ്മീർ റീസി, ഉദംപൂർ ജില്ലകൾ

സന്ദർശിച്ചു.

==============================

## SHILP SAMAGAM MELA

ശിൽപ് സമാഗം മേളയ്ക്ക് ഇന്നലെ ബെംഗളൂരുവിൽ തുടക്കമായി. രാജ്യത്തിന്റെ അതുല്യമായ കരകൗശല, സാംസ്കാരിക പൈതൃകത്തെ പ്രദർശിപ്പിക്കുന്നതാണ് മേള. ബെംഗളൂരുവിലെ ഫ്രീഡം പാർക്കിൽ ഈ മാസം 14 വരെ നടക്കുന്ന മേളയിൽ 13-ലധികം സംസ്ഥാനങ്ങളിൽ നിന്നുള്ള കരകൗശല വിദഗ്ധർ പ്രദർശനമൊരുക്കും.

==============================

## MUMBAI GANESH IMMERSION

പത്ത് ദിവസം നീണ്ടുനിൽക്കുന്ന ഗണേശ ചതുർത്ഥി ഉത്സവം അനന്ത ചതുർദശി ദിനമായ ഇന്ന് രാജ്യത്തുടനീളം ഗണേശ വിഗ്രഹങ്ങളുടെ നിമജ്ജനത്തോടെ സമാപിക്കും. നിമജ്ജനത്തിനായി അധികൃതർ വിപുലമായ സുരക്ഷയും, പരിസ്ഥിതി സൗഹൃദ നടപടികളും ഒരുക്കിയിട്ടുണ്ട്. മഹാരാഷ്ട്രയിൽ, ഏകദേശം 6,500 വിഗ്രഹങ്ങൾ പൊതുവായും, വീടുകളിൽ നിന്നും ഏകദേശം ഒരു കോടി 75 ലക്ഷം ഗണപതി വിഗ്രഹങ്ങളും മുംബൈയിലെ 65 പ്രകൃതിദത്ത ജലാശയങ്ങളിലും പ്രത്യേകം നിർമ്മിച്ച 205 കൃത്രിമ കുളങ്ങളിലുമായി ഇന്ന് നിമജ്ജനം ചെയ്യും.

==============================

## AMOEBIC

കേരളത്തിൽ അമീബിക് മസ്തിഷ്കജ്വരം ബാധിച്ചു ഒരാൾ കൂടി മരിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന വയനാട് മാനന്തവാടി സ്വദേശി സ്വദേശി രതീഷ് ആണ് മരിച്ചത്. ഇയാൾക്ക് മറ്റ് അസുഖങ്ങളും ഉണ്ടായിരുന്നതായി ആരോഗ്യവകുപ്പ് അധികൃതർ അറിയിച്ചു. നിലവിൽ 10 പേരാണ് ചികിൽസയിലുള്ളത്. ഒരാളുടെ നില ഗുരുതരമാണ്.

====================================================

======================================